പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3644 — 19-02-2013 -ൽ മറുപടിക്ക്.

## സമഗ്ര മദ്യനയത്തിനായി ഏകാംഗ കമ്മീഷൻ

**ചോദ്യം**

ശ്രീ. പി. കെ. ഗുരുദാസൻ:
" ബാബു എം. പാലിശ്ശേരി:
" കെ. സുരേഷ് കുറുപ്പ്:
" കെ. കുഞ്ഞിരാമൻ (ഉദുമ):

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) സമഗ്ര മദ്യനയം സംബന്ധിച്ചു മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് ഏകാംഗ കമ്മീഷനെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്താണെന്നു വിശദമാക്കുമോ;

(എ) ഉണ്ട്. 23-01-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 12/2013/നി.വ. പ്രകാരം ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) സമഗ്ര മദ്യനയം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് കമ്മീഷനെ നിയോഗിക്കാൻ തീരുമാനിച്ച ദിവസം തന്നെ ത്രീ-സ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ പുന:പരിശോധിക്കുമെന്ന പ്രഖ്യാപനം മുഖ്യമന്ത്രി നടത്തിയതിന്റെ ഉദ്ദേശ്യം എന്താണെന്നു വ്യക്തമാക്കുമോ;

(ബി) ബഹു. ഹൈക്കോടതിയുടെ, **W.A.No.470/2012 dated 27-07-2012**-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിലാണ്, സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ ഏകാംഗ കമ്മീഷനെ നിയമിച്ചത്. ബഹു. സുപ്രീം കോടതിയുടെ, **SLP (C) Nos. 26241-26243/12 dated 19-09-2012** ഇടക്കാല ഉത്തരവിൻ പ്രകാരം, മൂന്ന് നക്ഷത്ര പദവിയുള്ള ചില ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കേണ്ടി വന്ന സാഹചര്യത്തിൽ, പുതുതായി ബാർ ലൈസൻസുകൾ അനുവദിച്ച കേസുകൾ, മേൽപ്പറഞ്ഞ ഏകാംഗ കമ്മീഷന്റെ ശുപാർശകൾ കണക്കിലെടുത്ത് പുന:പരിശോധിക്കുമെന്ന നിബന്ധനയ്ക്ക് വിധേയമായാണ്, പ്രസ്തുത ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ്, ബഹു. മുഖ്യമന്ത്രി, പരാമർശത്തിലുള്ള പ്രഖ്യാപനം നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പ്രഖ്യാപനം ബാർ നടത്തിപ്പുകാരുടെ സമ്മർദ്ദത്തിനിടയാക്കുമെന്നറിയാമോ;

(സി) ബാധകമല്ല.

(ഡി) ത്രീ-സ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ പൂർണ്ണമായും എടുത്തുകളയാൻ വ്യവസ്ഥകൾ വേണമെന്ന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

(ഡി) ഇല്ല. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ആഫീസർ